ഉത്തരം

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി—ഡി)) വകുപ്പ് തലവൻമാരെ നിയമിക്കുമ്പോൾ അവർക്കെതിരെ ആരോപണങ്ങൾ ഉന്നയിക്കപ്പെട്ടിട്ടുണ്ടെങ്കിൽ അവയുടെ ഗൗരവ സ്വഭാവംകൂടി പരിഗണിച്ച ശേഷമേ നിയമനം നൽകാറുള്ളു. എന്നാൽ ശ്രീ. രാജാറാമിനെ ചീഫ് ടൗൺ പ്ലാനറായി നിയമിച്ചിട്ടില്ല. മുഖ്യനഗരാസൂത്രകന്റെ അധിക ചുമതല താൽക്കാലികമായി നൽകുക മാത്രമേ ചെയ്തിട്ടുള്ളു.

പിൻവലിച്ച വിജിലൻസ് കേസുകൾ

61 [769] ശ്രീ. മാങ്കോട് രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഉദ്യോഗസ്ഥന്മാർക്കെതിരെ രജിസ്റ്റർ ചെയ്ത എത്ര വിജിലൻസ് കേസുകൾ പിൻവലിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) വിജിലൻസ് കേസുകൾ പിൻവലിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള മാനദണ്ഡങ്ങൾ വിശദമാക്കുമോ ;

(സി) വിജിലൻസ് രജിസ്റ്റർ ചെയ്ത കൈക്കൂലി കേസുകളിൽ എത്രയെണ്ണം പിൻവലിച്ചിട്ടുണ്ടെന്നും കേസുകൾ പിൻവലിക്കാനുള്ള കാരണമെന്താണെന്നും ഏതെല്ലാം ഉദ്യോഗസ്ഥന്മാർക്കെതിരെയുള്ള കേസുകളാണ് പിൻവലിച്ചിട്ടുള്ളതെന്നും അറിയിക്കാമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഉദ്യോഗസ്ഥന്മാർക്കെതിരെ രജിസ്റ്റർ ചെയ്ത വിജിലൻസ് കേസുകൾ ഒന്നും പിൻവലിച്ചിട്ടില്ല.

(ബി & സി) ചോദ്യം ഉദിക്കുന്നില്ല.

ലോകായുക്തയുടെ അന്വേഷണ ചുമതലയുള്ള എസ്. പി. യുടെ പേരിലുള്ള അന്വേഷണം

62 [772] ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭരണ സംവിധാനത്തിന്റെ ന്യൂനതകൾ പരിഹരിക്കാനുള്ള സർക്കാർ സംവിധാനമായ ലോകായുക്തയുടെ അന്വേഷണ ചുമതലയുള്ള എസ്.പി.യുടെ പേരിൽ സി.ബി.ഐ. അന്വേഷണം നടക്കുന്നുണ്ടോ ;

(ബി) എങ്കിൽ എന്തെല്ലാം കേസുകളിൽ ;

(സി) മുൻ ആരോഗ്യ വകുപ്പു മന്ത്രിയുടെ ഓഫീസിനെപ്പറ്റി ലോകായുക്തയുടെ പരാമർശം ഉണ്ടാകുന്നതിനു മുൻപുതന്നെ വയനാട് ഡി.എം.ഒ.-യുമായി അദ്ദേഹം നടത്തിയ ഫോൺ സംഭാഷണം ചോർത്തിയിരുന്നുവോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) എങ്കിൽ അത് നിയമാനുസൃതമായിരുന്നുവോ ; അല്ലെങ്കിൽ അതിൻമേൽ എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ—ഡി) വിവരം ശേഖരിച്ചുവരുന്നു.

ലോകായുക്തയുടെ ചുമതലകളും കർത്തവ്യങ്ങളും

63 [773] ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള ലോകായുക്തയുടെ ചുമതലകളും കർത്തവ്യങ്ങളും എങ്ങനെയാണ് നിർവ്വചിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) മന്ത്രിതലത്തിലും ഉദ്യോഗസ്ഥതലത്തിലും നടന്ന അഴിമതികളെക്കുറിച്ചുള്ള ഏതെല്ലാം സംഭവങ്ങൾ ലോകായുക്ത 2001 മേയ് മാസത്തിനുശേഷം നാളിതുവരെയായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടെന്നും അതിൻമേൽ കൈക്കൊണ്ട നടപടികൾ എന്തായിരുന്നുവെന്നും വിശദമാക്കുമോ ?

ഉത്തരം

(എ) കേരള ലോകായുക്തയുടെ കർത്തവ്യങ്ങളും ചുമതലകളും 1999-ലെ കേരള ലോകായുക്ത ആക്ടും അനുബന്ധ ചട്ടങ്ങളും പ്രകാരമാണ് നിർവ്വഹിച്ചിട്ടുള്ളത്.

(ബി) വിവരം ശേഖരിച്ചുവരുന്നു.

ലോകായുക്തയ്ക്ക് കിട്ടുന്ന പരാതിയിൻമേൽ പരാതിക്കാരന്റെ മൊഴിയെടുക്കണമെന്ന വ്യവസ്ഥ

64 [774] ശ്രീ. എ. കെ. മണി :
,, ലൂഡി ലൂയിസ് :
,, കെ. സുധാകരൻ :
,, എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിലവിലുള്ള വ്യവസ്ഥയനുസരിച്ച് ലോകായുക്തയ്ക്ക് കിട്ടുന്ന പരാതിയിൽ പരാതിക്കാരനിൽ നിന്ന് പ്രാഥമിക അന്വേഷണം നടത്തുമ്പോൾ മൊഴിയെടുക്കാറുണ്ടോ ;

(ബി) ഇല്ലാത്തപക്ഷം പരാതി അയച്ചത് ഫിക്ടീഷിയസ് പേഴ്സൺ ആണോ എന്ന് ഉറപ്പുവരുത്തുന്നതെപ്രകാരമെന്ന് വ്യക്തമാക്കാമോ ;

(സി) ലോകായുക്തയ്ക്ക് കിട്ടുന്ന പരാതിയിൻമേൽ അതയച്ച മേൽവിലാസക്കാരന്റെ മൊഴിയെടുക്കണമെന്ന വ്യവസ്ഥ നിലവിലുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly